**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6626** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2024ലെ ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമങ്ങൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കാമോ; | (എ) | സി.ബി.എൽ വള്ളംകളി മത്സരങ്ങൾ 2024-ൽ സംഘടിപ്പിക്കുന്നതിനും, കമ്പനിയുടെ ഭരണപരമായ ചെലവുകൾക്കും ആയി 9.96 കോടി രൂപ സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2023 ലെ ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട എല്ലാ വള്ളങ്ങൾക്കും സാമ്പത്തിക സഹായങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട വള്ളങ്ങൾക്ക് സാമ്പത്തിക സഹായം നൽകാറില്ല. |
| (സി) | വള്ളംകളി മത്സരത്തിൽ എത്തുന്ന കായിക താരങ്ങളുടെ സുരക്ഷിതത്വത്തിനായി എത്ര തുകയാണ് ഇൻഷ്വറൻസ് ചെയ്തിട്ടുള്ളത്; | (സി) | കായികതാരങ്ങളുടെ സുരക്ഷയ്ക്ക് മാത്രമായി ഇൻഷ്വറൻസ് ചെയ്തിട്ടില്ല. Public Liability Insurance ആണ് 2023-ൽ സി.ബി.എല്ലിനായി എടുത്തിരുന്നത്. ആയതിൽ AOA 50 ലക്ഷം രൂപയും, AOY 2 കോടി രൂപയുമാണ്. |
| (ഡി) | വള്ളംകളി കായിക താരങ്ങളിൽ ചിലർക്ക് നീന്തൽ അറിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിശോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | വള്ളംകളി താരങ്ങളെ ക്രിമനലുകൾ ആക്രമിച്ച് പരിക്കേൽപ്പിക്കുന്നത് സ്ഥിരമാകുന്ന സാഹചര്യത്തിൽ കായിക താരങ്ങൾക്ക് സംരക്ഷണം നൽകാൻ വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | സി.ബി.എൽ വള്ളംകളി നടക്കുന്ന വേദികളിൽ സുരക്ഷയ്ക്കായി പോലീസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ